മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 26

# വാർത്താക്കുറിപ്പ്

---

## ബിരുദാനന്തര ബിരുദം, ബി.എഡ് ഏകജാലകം; ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിൽ ഏകജാലകം വഴി ബിരുദാനന്തര ബിരുദം, ബി.എഡ് കോഴ്സുകളിൽ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ ഓൺലൈനിൽ ഫീസ് അടച്ച്, അലോട്ട്മെൻറ് മെമ്മോയുടെ പ്രിൻറൗട്ട് എടുത്ത് യോഗ്യതാ രേഖകളുടെ അസ്സൽ സഹിതം സെപ്റ്റംബർ 30ന് വൈകുന്നേരം നാലിനകം അലോട്മെൻറ് ലഭിച്ച കോളജിൽ നേരിട്ട് എത്തി പ്രവേശനം നേടണം.

നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം കോളജിലെത്തി പ്രവേശനം നേടാത്തവരുടെയും അലോട്ട്മെൻറ് റദ്ദാക്കപ്പെടും.

മുൻ അലോട്ട്മെൻറുകളിൽ സ്ഥിര പ്രവേശനം എടുത്തശേഷം ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ പങ്കെടുക്കുകയും അലോട്ട്മെൻറ് ലഭിക്കുകയും ചെയ്തവർ നിലവിൽ ലഭിച്ച അലോട്ട്മെൻറിൽ പ്രവേശനം നേടണം. ഇവരുടെ മുൻ അലോട്ട്മെൻറ് റദ്ദാക്കപ്പെട്ടിട്ടുണ്ട്.

(പി.ആർ.ഒ./39/1369/2022)

## സീറ്റൊഴിവ്

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എം. എസ്. സി എൻവയോൺമെന്റൽ സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സിൽ പട്ടിക വർഗ വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസ്സർ രേഖകളുമായി സെപ്റ്റംബർ 29നു മുൻപ് സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ: 9447573027

(പി.ആർ.ഒ./39/1370/2022)

## പ്രാക്ടിക്കൽ പരീക്ഷ

ബി.എ മ്യൂസിക് മൃദംഗം (ഒന്നാം സെമസ്റ്റർ - ന്യൂ സ്കീം, 2021 അഡ്മിഷൻ - റെഗുലർ/ 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ 2017, 2018, 2019, 2020 അഡ്മിഷൻ - റീ-അപ്പിയറൻസ്) പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 28, 29 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ നടത്തും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1371/2022)

മൂന്നാം വർഷ ബി. പി. ടി (2008 അഡ്മിഷൻ മുതൽ - സപ്പ്ളിമെന്ററി / മേഴ്സി ചാൻസ് , ഓഗസ്റ്റ് 2022 പരീക്ഷ) പ്രാക്ടിക്കൽ/വൈവ പരീക്ഷ സെപ്റ്റംബർ 30, ഒക്ടോബർ മൂന്ന് തീയതികളിൽ എസ്.എം.ഇ ഗാന്ധിനഗർ സെന്ററിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1372/2022)

## ബി.വോക് പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ ബി. വോക് അനിമേഷൻ ആൻഡ് ഗ്രാഫിക് ഡിസൈൻ (ന്യൂ സ്കീം, 2021 അഡ്മിഷൻ - റെഗുലർ) പരീക്ഷയുടെ മാറ്റിവച്ച പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 28 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ./39/137 3/2022)

## ഫലം പ്രഖ്യാപിച്ചു

എം.എ. ഹിന്ദി ഒന്നാം സെമസ്റ്റർ (പി.ജി.സി.എസ്.എസ് , സപ്ലിമെൻററി - നവംബർ 2021, 2019 അഡ്മിഷനു മുൻപുള്ളത്), എം.എ സംസ്കൃതം സ്പെഷ്യൽ ന്യായ, വേദാന്ത, സാഹിത്യ, വ്യാകരണ (പി.ജി.സി.എസ്.എസ്, ജനുവരി 2022 -

റെഗുലർ, സപ്ലിമെൻററി ബെറ്റർമെൻറ് )രണ്ടാം സെമസ്റ്റർ, എം.എ ഹിസ്റ്ററി നാലാം സെമസ്റ്റർ (പി.ജി.സി.എസ്.എസ്, സപ്ലിമെൻററി/ മെഴ്സി ചാൻസ് നവംബർ 2021) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു.

പുനർ മൂല്യ നിർണയത്തിനും സൂക്ഷമപരിശോധനയ്ക്കും യഥാക്രമം 390 രൂപ, 170 രൂപ ഫീസ് അടച്ച് ഒക്ടോബർ പത്തുവരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in)

(പി.ആർ.ഒ./39/137 4/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**